V അറിയിപ്പ്

നിയമസഭാ ചട്ടം താൽക്കാലികമായി റദ്ദ് ചെയ്യൽ

9.55.AM] മി. സ്പീക്കർ: സബ്മിഷൻ കഴിഞ്ഞ് ഫിനാൻസ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതിനുശേഷം അടിയന്തരപ്രമേയം രണ്ട് മണിക്കൂർ ചർച്ച ചെയ്യാവുന്നതാണ്. നിയമസഭാചട്ടം 55 ഇക്കാര്യത്തിനുവേണ്ടി താൽക്കാലികമായി സഭയുടെ അനുമതിയോടെ റദ്ദ് ചെയ്യുന്നു.

VI സബ്മിഷൻ

1. ഐ. റ്റി. പാർക്കും AIIMS-ഉം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

9.55.AM] ശ്രീ. ജി. സുധാകരൻ: സർ, പ്രസിദ്ധമായ പുറക്കാട് പഞ്ചായത്തിലെ ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ. റ്റി. പാർക്ക് ആരംഭിക്കുന്നതിനായി കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 33 ഏക്കർ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽപ്പെടുന്ന ഈ 8 ഏക്കർ സ്ഥലം ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഐ.റ്റി. മന്ദിരം നിർമ്മിക്കുന്നതിന് അനുയോജ്യമാക്കുകയും അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ തറക്കല്ലിടുകയും ചെയ്തിരുന്നു. ഈ പ്രദേശത്ത് ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കാനുള്ള എല്ലാ നടപടികളും പൂർത്തിയായി വരുമ്പോഴാണ് ബയോഡൈവേഴ്സിറ്റി ബോർഡ് ചില പാരിസ്ഥിതിക പ്രശ്നങ്ങളുന്നയിച്ചത്. അതിന്റെ പേരിലായി ഗവൺമെന്റ് ഐ. റ്റി. പാർക്ക് പുറക്കാട് വില്ലേജിലെ തോട്ടപ്പള്ളിയിലേക്ക് മാറ്റിസ്ഥാപിക്കാൻ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ തോട്ടപ്പള്ളിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ബയോ ഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ചിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് ഗാന്ധിസ്മൃതിവനം പദ്ധതിയിലുൾപ്പെടുന്ന 100 ഏക്കർ സ്ഥലത്തുതന്നെ ഐ. റ്റി. പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കാൻ അനുയോജ്യമായ ഭൗതിക സാഹചര്യങ്ങളോടുകൂടിയ സ്ഥലവും ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിൽ ലഭ്യമാണ്. അതുകൊണ്ട് എയിംസും അവിടെത്തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

9.56.AM] മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ സംസ്ഥാനത്തും ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിനുള്ള നയപരമായ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തതായി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. അതിന് അവർ ചില മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. അതായത്, 200 ഏക്കർ സ്ഥലത്ത് റോഡ്,

LIBRARY ARCHIVES Kerala Legislative Assembly